കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **124/2026** തിരുവനന്തപുരം, തീയതി : **17/06/2026**

# പത്രക്കുറിപ്പ്

## കേരളസർവകലാശാല
## ഒന്നാം വർഷ ബിരുദ പ്രവേശനം - 2026
## ഒന്നാം ഘട്ട അലോട്ട്മെന്റ്
## നിർദ്ദേശങ്ങൾ

- വിദ്യാർത്ഥികൾക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്സ്‌വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.
- കോളേജ് പ്രവേശനം 18.06.2026, 19.06.2026, 20.06.2026 & 22.06.2026 തീയതികളിൽ. (വഴുതക്കാട് ഗവ: വിമൻസ് കോളേജിൽ വച്ച് 19, 20, 21 തീയതികളിൽ UPSC പരീക്ഷ നടക്കുന്നതിനാൽ ഈ കോളേജിൽ അലോട്ട്മെന്റ് ലഭിച്ച് ഈ ദിവസങ്ങളിൽ കോളേജിൽ ഹാജരാകാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജ് അധികൃതരുമായി ബന്ധപ്പെടേണ്ടതാണ്).
- അലോട്ട്മെന്റ് ലഭിച്ചവർ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് "Click here for Payment" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് സർവകലാശാല അഡ്മിഷൻ ഫീസ് ഓൺലൈൻ ആയി അടക്കേണ്ടതാണ്.
- അലോട്ട്മെന്റ് ലഭിച്ച് സർവകലാശാല അഡ്മിഷൻ ഫീസ് അടച്ച വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ നിന്ന് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി തുടങ്ങിയ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.
- അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ തന്നെ കോളേജിൽ ഹാജരാകേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിൽ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.
- താത്കാലിക അഡ്മിഷൻ (Temporary Admission): ഒന്നാം അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കോളേജ് അഡ്മിഷൻ സമയത്ത് Temporary/Permanent Admission തിരഞ്ഞെടുക്കാവുന്നതാണ്. താത്കാലിക അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ച രസീത്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സമർപ്പിച്ച് താൽക്കാലിക അഡ്മിഷൻ എടുക്കാവുന്നതാണ്. ഈ ഘട്ടത്തിൽ മറ്റ് ഫീസുകൾ ഒന്നും തന്നെ കോളേജിൽ അടക്കേണ്ടതില്ല. എന്നാൽ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ (ടി.സി ഉൾപ്പെടെ) കോളേജിൽ സമർപ്പിക്കേണ്ടതാണ്.
- നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായ വിദ്യാർത്ഥികൾക്ക് കോളേജിൽ ഹാജരായി അഡ്മിഷൻ ഫീസ് അടച്ച രസീത്, ആപ്ലിക്കേഷൻ പ്രിന്റൗട്ട്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ കോളേജിൽ സമർപ്പിച്ച് സ്ഥിര (permanent) അഡ്മിഷൻ എടുക്കാവുന്നതാണ്.

- സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കാത്തവരുടെയും, ഫീസടച്ച ശേഷം കോളേജിൽ ഹാജരായി പെർമനന്റ്/ടെമ്പററി അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെയും അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടാം അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി അഡ്മിഷൻ ഫീസ് അടച്ച്, കോളേജിൽ ഹാജരായി പെർമനന്റ്/ടെമ്പററി അഡ്മിഷൻ എടുക്കേണ്ടതാണ്.
- ഒറിജിനൽ മാർക്ക് ലിസ്റ്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഡിജിലോക്കറിൽ നിന്നും ഡൗൺലോഡ് ചെയ്ത മാർക്ക് ലിസ്റ്റോ, പഠിച്ച സ്കൂളിലെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റോ അഡ്മിഷൻ സമയത്ത് ഹാജരാക്കിയാൽ മതിയാകും.
- ഫീസ് അടക്കാത്ത വിദ്യാർത്ഥികളെയും, Temporary / Permanent അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളെയും തുടർന്ന് വരുന്ന രണ്ടാം അലോട്ട്മെന്റിലേക്ക് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- വിദ്യാർത്ഥികൾ ലഭിച്ച അലോട്ട്മെന്റിൽ (Temporary/Permanent) തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ ജൂൺ 23 വൈകിട്ട് 4 ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ രണ്ടാം അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേക്ക് പരിഗണിക്കുകയും സീറ്റ് ലഭിക്കുന്ന പക്ഷം ഒന്നാം അലോട്ട്മെന്റിൽ ലഭിച്ച സീറ്റ് നഷ്ടപ്പെടുന്നതും രണ്ടാം അലോട്ട്മെന്റിൽ ലഭിക്കുന്ന ഓപ്ഷൻ നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് പഴയ ഓപ്ഷനിൽ തുടരാൻ ഒരു കാരണവശാലും സാധിക്കുന്നതല്ല.
- പെർമനന്റ് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളും ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ നീക്കം ചെയ്യേണ്ടതാണ്.
- അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ (APAAR) ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ (APAAR) ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ (APAAR) ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്.

## കേരളസർവകലാശാല ഒന്നാം വർഷ ബിഎഡ് പ്രവേശനം - 2026

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/കെ യു സി റ്റി ഇ കോളേജുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തിലെ ബിഎഡ് കോഴ്സുകളുടെ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

കേരളസർവകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും **(General/Reservation/Management/Sports quota/ PWD/ Transgender/ TLM/Lakshadweep** ഉൾപ്പെടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ 2026 ജൂൺ 19 ന് അവസാനിക്കുന്നതാമാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി വരെ അപേക്ഷയിലെ തെറ്റുകൾ തിരുത്താവുന്നതാണ്.

വിദ്യാർത്ഥികൾക്ക് **20** ഓപ്ഷൻ വരെ സെലക്ട് ചെയ്യാവുന്നതാണ്. ഓപ്ഷൻ കൊടുത്ത കോളേജുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം തുടർന്നുവരുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും പ്രോഗ്രാമുകളും മാത്രം മുൻഗണന ക്രമത്തിൽ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അപേക്ഷയുടെ പ്രിന്റൗട്ട് കോളേജുകളിലേക്കോ സർവ്വകലാശാലയിലേക്കോ അയക്കേണ്ടതില്ല. അപേക്ഷയുടെ പ്രിന്റൗട്ടും ഫീസടച്ചതിന്റെ രസീതും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് **1000/- (SC/ST** വിഭാഗത്തിന് **550/- )** രൂപയാണ്.

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ മുഖാന്തിരം അടക്കേണ്ടതാണ്. ഡി.ഡി, ചെക്ക്, മറ്റു ചെലാനുകൾ തുടങ്ങിയവ മുഖേനെയുള്ള പേയ്മെന്റുകൾ സ്വീകരിക്കുകയോ റീഫണ്ട് ചെയ്യുകയോ ചെയ്യുന്നതല്ല. ഫീസ് അടച്ച രസീത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. തെറ്റായി ഒടുക്കുന്ന ഫീസുകൾ റീഫണ്ട് ചെയ്യപ്പെടുന്നതല്ല.

അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും ശ്രദ്ധിക്കേണ്ടതാണ്. (**https://admissions.keralauniversity.ac.in/bed2026**) ഹെൽപ്പ് ലൈൻ നമ്പർ : **8281883053 (Whatsapp also)**, ഇമെയിൽ: **bedadmission@keralauniversity.ac.in**.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിസിഎ 2 (b) (332) (സപ്ലിമെന്ററി – 2021 – 2023 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 & 2017 – 2020 അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ 2026 ജൂൺ 22 ന് അതാത് സെന്ററുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2025 ഒക്ടോബറിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ ബിഎ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 ജൂൺ 18 മുതൽ 25 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ. V സെക്ഷനിൽ ഹാജരാകേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

| |
|---|
| *University information is available on* **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |